പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6149 | 02.04. 2018 ൽ മറുപടിക്ക്

## ഊർജ്ജസംരക്ഷണ ഗവേഷണ പരിശീലന പരിപാടികൾ

ചോദ്യം

ശ്രീ.പി.ടി.എ.റഹീം
" ആന്റണി ജോൺ
" കെ.ബാബു
"ഐ.ബി.സതീഷ്

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഊർജ്ജസംരക്ഷണം ഉറപ്പാക്കുന്നതിനുമായി 'എനർജി മാനേജ്മെന്റ് സെന്റർ'എന്തെല്ലാം ഗവേഷണ പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്നറിയിക്കാമോ; | (എ) എനർജി മാനേജ്മെന്റ് സെന്റർ എല്ലാ മേഖലകളിലും ഊർജ്ജ കാര്യക്ഷമത ഉറപ്പ വരുത്തുന്നതിനായി ഗവേഷണ – വികസന പ്രവർത്തനങ്ങളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ഇ. എം. സി. സ്വന്തം നിലയിൽ പ്രവർത്തനങ്ങൾ നടത്തുകയും വിദ്യാർത്ഥികൾ, സ്ഥാപനങ്ങൾ എന്നിവരുടെ ഗവേഷണ പദ്ധതികൾക്ക് സഹായങ്ങളും നൽകി വരുന്നുണ്ട്.<br><br>**ഗവേഷണ പ്രവർത്തനങ്ങൾ**<br>C-DAC മായി ചേർന്ന് സൗരോർജ്ജം ഉപയോഗപ്പെടുത്തി ആധുനിക ആശയമായ നെറ്റ് സിറോ ബിൽഡിംഗ് (Net Zero Building) മായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനം നടന്നു വരുന്നു.<br>C-DAC മായി ചേർന്ന് സ്മാർട്ട് മീറ്റർ വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങളും നടന്നു വരുന്നു.<br>ഇ. എം. സി. യുടെ ഗവേഷണ പ്രവർത്തനത്തിന്റെ ഭാഗമായി ഇ. എം. സി യും ലക്ഷ്മി ഇലക്ട്രോണിക് ഡിസൈൻ എന്ന സ്ഥാപനവും ചേർന്ന് തെരുവു വിളക്കുകളിൽ സൂര്യോദയ- അസ്തമയ സമയക്രമമനുസരിച്ച് പ്രവർത്തിക്കുന്ന ഒരു കൺട്രോൾ സംവിധാനം വികസിപ്പിച്ചെടുക്കുകയും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br>ചെറു വെള്ളച്ചാട്ടങ്ങളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുപകരിക്കുന്ന ഒരു ടർബൈൻ ഇ. എം. സി. വികസിപ്പിച്ചെടുത്തിട്ടുണ്ട്.<br><br>ചെറു വെള്ളച്ചാട്ടങ്ങളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ (കൈനറ്റിക് ടർബൈൻ, വോർട്ടെക്സ് ടർബൈൻ) പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.<br>വിദ്യാർത്ഥികൾ, സ്ഥാപനങ്ങൾ എന്നിവയുടെ ഗവേഷണ പദ്ധതികൾക്ക് സാങ്കേതിക –സാമ്പത്തിക സഹായങ്ങൾ നൽകി |

| | |
|---|---|
| | വരുന്നുണ്ട്. 2017 - 18 ൽ 30 ലക്ഷം രൂപ ഗവേഷണ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്.<br>**പരിശീലന പരിപാടികൾ**<br>• എനർജി ക്ളിനിക് വാളണ്ടിയർമാർക്കുള്ള പരിശീലന പരിപാടി<br>• ഊർജ്ജ കിരൺ പരിശീലകർക്കുള്ള പരിശീലനം<br>• സ്മാർട്ട് എനർജി പരിപാടി കോ-ഓർഡിനേറ്റർമാർക്കുള്ള പരിശീലന പരിപാടി<br>• സർട്ടിഫൈഡ് എനർജി മാനേജർമാർക്കും സർട്ടിഫൈഡ് എനർജി ഓഡിറ്റർമാർക്കുമുള്ള പരിശീലന പരിപാടി<br>• ഊർജ്ജ സംരക്ഷണ നിയമ പ്രകാരം ഡെസിഗ്നേറ്റ് ചെയ്ത ഉപഭോക്താക്കൾക്കുള്ള പരിശീലന പരിപാടി<br>• പൊതുമേഖലാ സ്ഥാപനങ്ങളിലെ എനർജി മാനേജർമാർക്കുള്ള പരിശീലന പരിപാടി<br>• ലൈസൻസ്ഡ് എഞ്ചിനീയർമാർ, ആർക്കിടെക്ടുകൾ, പൊതുമരാമത്ത് , തദ്ദേശ സ്വയംഭരണം, നഗരാസൂത്രണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്കായി എനർജി കണസർവേഷൻ ബിൽഡിംഗ് കോഡിൽ പരിശീലന പരിപാടി<br>• കോളേജ് അദ്ധ്യാപകർ, ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾ എന്നിവർക്ക് ഊർജ്ജ ഓഡിറ്റിംഗിലും എനർജി മാനേജ്മെന്റിലും പരിശീലന പരിപാടി.<br>• നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിൽ നടത്തുന്ന എനർജി ഓഡിറ്റർ/എനർജി മാനേജർ പരീക്ഷയിൽ പങ്കെടുക്കുന്നവർക്കായുള്ള പരിശീലനം<br>• ഗ്രീൻ ജോബ് സ്കിൽ കൗൺസിലുമായി ചേർന്ന് നൂതന അടുപ്പ നിർമ്മാതാക്കൾക്കായി സർട്ടിഫിക്കറ്റ് കോഴ്സുകൾ.<br>• ഊർജ്ജ കാര്യക്ഷമ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുത്തവർക്കായുള്ള പരിശീലന പരിപാടി |
| (ബി) വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിനായി ഇ.എം.സി 'സ്മാർട്ട് എനർജി പ്രോഗ്രാം' എന്ന പരിപാടി നടത്തി വരുന്നുണ്ടോ;<br>(സി) പ്രസ്തുത പ്രോഗ്രാം കൂടുതൽ സ്കൂളുകളിലേയ്ക്കും കോളേജുകളിലേയ്ക്കും സാങ്കേതിക | (ബി) ഉണ്ട്.<br>(സി) കേരളത്തിലെ എഞ്ചിനീയറിങ് പോളിടെക്നിക് ഐ.ടി.ഐ മുതലായ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ഊർജ്ജസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് പുതുതായി കണ്ടുപിടുത്തങ്ങൾ |

| | |
|---|---|
| വിദ്യാഭ്യാസ സ്ഥാപനങ്ങളി ലേക്കും വ്യാപിപ്പിക്കുന്നതിനും, ബോധവൽക്കരണ പരിപാടികൾ, മത്സരങ്ങൾ എന്നിവയ്ക്കു പുറമേ, ഗവേഷണ വികസന പ്രവർത്തനങ്ങൾക്കുള്ള സഹായം നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | നടത്തുവാനായി സാമ്പത്തികവും സാങ്കേതികവുമായ സഹായം ഇ.എം.സി നൽകി വരുന്നു. ഇതിനോടൊപ്പം വിദ്യാർത്ഥികൾക്ക് പുതിയ ആശയങ്ങൾ ഉള്ളപക്ഷം അവ വികസിപ്പിച്ച് എടുക്കുവാൻ സാങ്കേതിക സഹായവും നൽകി വരുന്നു.<br>ഊർജ്ജസംരക്ഷണ രംഗത്തെ നൂതന ആശയങ്ങൾക്കും ഗവേഷണങ്ങൾക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇ.എം.സി യിൽ നിന്നും സാമ്പത്തിക സാങ്കേതിക സഹായം നൽകി വരുന്നുണ്ട്. ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ എല്ലാ മേഖലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കീമിൽ പരഗണിക്കപ്പെടുന്ന വ്യക്തിയുടെ വിദ്യാഭ്യാസ യോഗ്യത ഒരു മാനദണ്ഡമായി കണക്കാക്കപ്പെടുന്നില്ല. |
| (ഡി) സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ ഇ.എം.സി. യുടെ ആഭിമുഖ്യത്തിൽ പൈക്കോ ജലവൈദ്യുത പദ്ധതി, സൗരോർജ്ജ പദ്ധതി, കാറ്റിൽ നിന്നുള്ള വൈദ്യുത പദ്ധതി എന്നിവ മൈക്രോ ഗ്രിഡ് വഴി ബന്ധിപ്പിച്ചുള്ള വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം നൽകുമോ? | (ഡി) ഇ.എം.സി ഇതിനോടകം രണ്ട് മൈക്രോ ജലവൈദ്യുത പദ്ധതികൾ വഴി രണ്ട് മൈക്രോ ഗ്രിഡുകൾ (1) തായന്നംകുടി ട്രൈബൽ കോളനി (ചിന്നാർ വന്യമൃഗസംരക്ഷണ കേന്ദ്രത്തിനകത്തുള്ളത്) (2) ഈച്ചാംപെട്ടി ട്രൈബൽ കോളനി (മറയൂരിനടുത്ത്) നടപ്പിലാക്കി കഴിഞ്ഞു. ഈ കോളനികളിലെ എല്ലാ വീടുകളും കമ്മ്യൂണിറ്റി സെന്റർ, അംഗൻവാടി മുതലായവയും വൈദ്യുതീകരിക്കുകയും കോളനിയിൽ തെരുവുവിളക്കുകളും ഉള്ളതാണ് ഈ ശൃംഖല. സൗരോർജ്ജവും കാറ്റിൽ നിന്നുള്ള വൈദ്യുതിയും സംയോജിപ്പിച്ചുകൊണ്ടുള്ള ഹൈബ്രിഡ് മൈക്രോഗ്രിഡ് ശൃംഖല മറയൂരിനടുത്തുള്ള വനംമേഖലയായ വെള്ളക്കൽക്കുടി ട്രൈബൽ കോളനിയിൽ നടപ്പിലാക്കാനുള്ള സാദ്ധ്യത വനംവകുപ്പുമായി ചേർന്ന് ഇ.എം.സി പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ